**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1008** **30.9.2016 ൽ മറുപടിയ്ക്ക്**

**വിലസ്ഥിരതാ ഫണ്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി. അനിൽ കമാർ<br>ശ്രീ. വി.എസ്.ശിവകമാർ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി | ശ്രീ വി.എസ്.സുനിൽ കമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) റബ്ബറിന് കിലോയ്ക്ക് 150 രൂപ ലഭിക്കുന്നതിനുവേണ്ടി മുൻ സർക്കാർ ആവിഷ്കരിച്ച വിലസ്ഥിരതാ ഫണ്ടിലേക്ക് ഈ സർക്കാർ എത്ര കോടി രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) നടപ്പ സാമ്പത്തിക വർഷം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട് |
| (ബി) പ്രസ്തുത ഫണ്ടിൽ നിന്നും റബ്ബർ കർഷകർക്ക് കഴിഞ്ഞ നാല് മാസത്തിനുള്ളിൽ എന്ത് തുക അനുവദിച്ചു | (ബി) 203.49 കോടി രൂപ സബ്സിഡി ഇനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) വിലസ്ഥിരതാ പദ്ധതിയിൽ എത്ര റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) 3,66,606 കർഷകർ |
| (ഡി) വിലയിടിവിൽനിന്നും റബ്ബർ കർഷകരെ രക്ഷിക്കാനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; റബ്ബർ നയം പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനും വിലയിടിവിൽ നിന്നും റബ്ബർ കർഷകരെ രക്ഷിക്കുന്നതിനും വിവിധ നിർദ്ദേശങ്ങളടങ്ങിയ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കപ്പെടുകയും അതിൻപ്രകാരം കേന്ദ്ര സർക്കാർ സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ അല്ലെങ്കിൽ കിലോയ്ക്ക് 30 രൂപയോ എതാണോ കുറവ് എന്ന നിലയ്ക്ക് ഉയർത്തി നിശ്ചയിക്കുകയും ചെയ്തു. കൂടാതെ, റബ്ബർ ഇറക്കുമതി രണ്ടു തുറമുഖങ്ങൾ വഴി മാത്രമായി നിജപ്പെടുത്തി. കേന്ദ്രസർക്കാർ ചർച്ചയിൽ ഏർപ്പെട്ടിരിക്കുന്ന RCEP കരാർ നിലവിൽ വന്നാൽ റബ്ബർ ഉൾപ്പെടെയുള്ള ഉല്പന്നങ്ങൾക്ക് ഇറക്കുമതി മൂലം വിലതകർച്ച ഉണ്ടാകുവാൻ സാദ്ധ്യത മുന്നിൽ കണ്ട്കൊണ്ട് കരാറിൽ റബ്ബർ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് കേരള സർക്കാർ കേന്ദ്രസർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**